## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ**

**ചോദ്യം നമ്പർ. *236** **15/07/2016-ൽ മറുപടിയ്ക്ക്.**

## ക്ഷീരോല്പാദനരംഗത്ത് സ്വയംപര്യാപ്തത

**ചോദ്യം**

ശ്രീ.ജോർജ്ജ് എം.തോമസ്

ശ്രീ.കെ.വി.വിജയദാസ്

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീമതി. വീണാ ജോർജ്ജ്

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി പാലിന്റെ സംഭരണ, സംസ്കരണ, വിതരണ പ്രക്രിയ ശാസ്ത്രീയമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും,ക്ഷീര വികസനവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ വഴി ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ സംഭരിയ്ക്കുകയും, പ്രാദേശിക വിപണനം നടത്തുകയും ബാക്കി വരുന്ന പാൽ മിൽമ മുഖേന വിറ്റഴിയ്ക്കുകയും ചെയ്യുന്നു. ക്ഷീര സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ച-പ്പെടുത്തുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും വേണ്ടി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തന സഹായം.
2. പ്രവർത്തനരഹിതമായ ക്ഷീര സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് സഹായം.
3. ശുചിത്വമുള്ള പാൽ സംഭരണ മുറികളുടെ നിർമ്മാണം/പുനരുദ്ധാരണം.
4. ക്ഷീര സഹകരണ സംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത സഹായം ലഭ്യമാക്കൽ.
5. ക്ഷീര സഹകരണ സംഘങ്ങൾക്ക് BMC യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ചെറുകിട പാൽ,പാൽ ഉൽപന്ന സംസ്കരണശാലകൾ, കാലിത്തീറ്റ യൂണിറ്റുകൾ എന്നിവയ്ക്കും ഉള്ള ധനസഹായം.

6. കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ.

7. ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭക്ഷ്യ സുരക്ഷാ പരിശീലനം.

8. മിൽക്ക് റൂട്ടുകളിലേയ്ക്ക് സംഘങ്ങൾക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.

9. ഓട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ.

10. സംഘങ്ങളുടെ ഒട്ടോമേഷനും കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിനുള്ള ധനസഹായം

11. ക്ഷീര വികസന വകുപ്പിന്റെ എം.ഐ.എസ് കമ്പ്യൂട്ടർവത്കരണം.

12. ഡോക്യുമെന്റേഷനും ഡാറ്റാ ബാങ്ക് രൂപീകരണവും.

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആധുനിക ലാബോറട്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിനോടനുബന്ധിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു സ്റ്റേറ്റ് ഡയറി ലാബ് പ്രവർത്തിച്ച് വരുന്നുണ്ട്. ആയതിന് NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരം ഈ വർഷം ലഭിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം, കാസർഗോഡ് ജില്ലകളിലായി രണ്ട് റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് .

(സി) കന്നുകട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും കാലിത്തീറ്റയുടെ ഉൽപാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

(സി) കന്നുക്കുട്ടികൾക്ക് 4 മാസം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി. കാഫ് അഡോപ്ഷൻ (ദത്തെടുക്കൽ) പ്രോഗ്രാം, ഗോവർദ്ധിനി എന്നീ സ്കീമുകൾ പ്രത്യേക കന്നുകട്ടി പരിപാലന പരിപാടി മുഖേന നടപ്പാക്കി വരുന്നു. ഇതിനു പുറമെ, ആർ.കെ.വി.വൈ ഫണ്ട് ലഭ്യമാക്കിയിട്ടുള്ള സ്കീമിനും നിർദ്ദേശമുണ്ട്. 2016-17 സാമ്പത്തിക

വർഷത്തിൽ 1 ലക്ഷം കന്നുക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും, ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനമൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ് 1999 മുതൽ എം.എം.സി.പി ടെക്നോളജി ഉപയോഗിച്ചു കൊണ്ട് സമീകൃത കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നു. കമ്പനിയുടെ മൊത്തം പ്രതിദിന ഉൽപ്പാദനം 500 ടണ്ണിൽ നിന്നും ഘട്ടംഘട്ടമായി 1000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. ഗുണമേന്മയേറിയ കാലിത്തീറ്റ കമ്പനിയുടെ കല്ലേറ്റുംകര, കരുനാഗപ്പള്ളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ ഫാക്ടറിയിൽ നിന്നും പൂർണ്ണ തോതിൽ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കേരളത്തിലുടനീളം വിപണിയിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ക്ഷീരകർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള കാലിത്തീറ്റ കൂടുതലായി ലഭ്യമാക്കുന്നതിനു വേണ്ടി കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ 300 ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കി, ഉദ്ഘാടനം ചെയ്ത് പ്രാഥമിക ഉൽപ്പാദനം നടത്തി വരികയാണ്. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ച് മലബാർ മേഖലയിൽ കേരള ഫീഡ്സിന്റെ കാലിത്തീറ്റയുടെ ലഭ്യത കൂടുതൽ ഉറപ്പാക്കുന്നതാണ്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ 500 ടൺ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ലോകോത്തര നിലവാരമുള്ള കാലിത്തീറ്റ നിർമ്മാണ ഉപകരണ കമ്പനിയായ Buhler-ന്റെ ഉപകരണങ്ങളാണ് പ്രധാനമായും ഫാക്ടറിയിൽ സ്ഥാപിക്കുന്നത്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ മിൽമയുടെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായ പരിശോധനകൾക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കന്നുക്കുട്ടികൾക്ക് നൽകുന്നതിനുള്ള പ്രത്യേകതരം ടി.എം.ആർ തീറ്റ പുതിയതായി നിർമ്മിച്ച്

നല്കി വരുന്നു. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.